# കുന്നംകുളം സിംഹാസനപള്ളിയുടെ ആധാരം

1096 ൽ നമ്പ്ര് 798.

കൊച്ചിശീമ തലപ്പിള്ളി താലൂക്ക്, കുന്നംകുളം വില്ലേജ്, കുന്നംകുളം അങ്ങാടിയിൽ ക്രിസ്ത്യാനികളും കച്ചവടക്കാരും ആയ കുത്തൂര് ഉക്കുറു മകൻ 50 വയസ്സ് 1. ചേറുവും, ചെറുവത്തൂര് ഉക്കുറു മകൻ 51 വയസ്സ് 2. ചേറുവും, ചീരൻ ഇട്ട്യേരാ മകൻ 29 വയസ്സ് 3. ചേറുവും, ചെറുവത്തൂര് ചാക്കുണ്ണി മകൻ 45 വയസ്സ് 4. മാത്തുവും, തെക്കേക്കര ഉക്കുറു മകൻ 50 വയസ്സ് 5. വാറുവും, ചീരൻ തറയിൽ വറീയ്ത് മകൻ 44 വയസ്സ് 6. ചേറുവും, ചീരൻ തറയിൽ വറിയ്ത് മകൻ 38 വയസ്സ് 7. മത്തായിയും, പുലിക്കോട്ടിൽ വറിയ്ത് മകൻ 65 വയസ്സ് 8. ഇയ്യാവുവും, പുലിക്കോട്ടിൽ ചെറിയാക്കു മകൻ 43 വയസ്സ് 9. വറീയ്തും വടക്കൻ ചാക്കു മകൻ 29 വയസ്സ് 10. പൈലുണ്ണിയും മേഞ്ചേരി പാറയിങ്ങാടിയിൽ ചീരൻ ഉക്കുറു മകൻ 39 വയസ്സ് 11. ചേറുണ്ണിയും, കുന്നംകുളം വാലിപ്പറമ്പു അങ്ങാടി യിൽ അരിമ്പൂരു പൌലോസ് മകൻ 43 വയസ്സ് 12. ചേറുവും കൂടി ഏഷ്യാ ഭൂഖണ്ഡത്തിൽ തുർക്കിരാജ്യത്തിൽ ഉള്ള അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴും ഏലിയാസ്സ് എന്ന തിരുനാമമുള്ള വിശുദ്ധ മോറാൻ മാർ ഇഗ്നാത്തി യോസ് ബാവ തിരുമനസ്സിലേക്കു എഴുതികൊടുത്ത ദാനതീറാധാരം. മലങ്ക രെ യാക്കോബായ സുറിയാനി സഭയുടെ പ്രധാന ഭരണമേലദ്ധ്യക്ഷൻ അന്ത്യോഖ്യാ സിംഹാസനത്തിൽ അതാതു കാലത്തു വാഴുന്ന മോറാൻ മാർ ഇഗ്നാത്തിയോസ്സ് പാത്രിയർക്കീസ്സുബാവാ തിരുമനസ്സുകൊണ്ടാണെന്ന് സഭ യുടെ സ്ഥാപനകാലം മുതൽ വിശ്വസിച്ചും അംഗീകരിച്ചും വരുന്നതായി രിക്കെ ആ മേലധികാരത്തെ ഇല്ലായ്മ ചെയ്തു തങ്ങൾക്കു ലഭിക്കണമെന്നുള്ള ദുർമ്മോഹത്താൽ മലങ്കരെയുള്ള മെത്രാപ്പോലീത്തന്മാരിൽ ചിലരുടെ പ്രവൃ ത്തിയുടെ ഫലമായി സഭ ഒട്ടുക്കും ഓരോ എടവകയിലും അതുപോലെ ആർത്താറ്റ് കുന്നംകുളം എടവകയിലും കലഹം വർദ്ധിച്ചതു നിമിത്തം വിശുദ്ധ പാത്രിയർക്കീസ്സു ബാവ തിരുമേനി മലയാളത്ത് തന്റെ പ്രതിനിധി യായി അയക്കുകയോ, നിയമിക്കുകയോ ചെയ്യപ്പെടുന്നവർക്ക് യാക്കോബായ സഭയുടെ നിയമപ്രകാരം പള്ളികളിൽ താമസിക്കുന്നതിനും വിശുദ്ധ കൂദാ ശകൾ അനുഷ്ഠിക്കുന്നതിനും തരമില്ലാതെ വന്നിരിക്കയാൽ അതിനെ തൽക്കാലം പരിഹരിക്കേണ്ടതു അത്യാവശ്യമെന്നു തോന്നുകയാൽ കുന്നം കുളം 95 ൽ 40-ാം നമ്പ്രായി രജിസ്ട്രാക്കിച്ചു വാങ്ങിയ ജന്മതീറാധാരപ്ര കാരം സിദ്ധിച്ചതും കൊച്ചി ഗവണ്മെന്റിൽ ഹർജി കൊടുത്ത് 1920 ഒക്ടോ ബർ 6-ാംന് 71-ാം നമ്പ്രായി ഉണ്ടായ കല്പനപ്രകാരം പള്ളി ശവക്കോട്ട മുതലായതു വെയ്ക്കുവാൻ അനുവാദം സിദ്ധിച്ചതും ആയ താഴെ പട്ടിക യിൽ പറയുന്ന വഹകളും, എപ്പെർപ്പെട്ട കുഴിക്കൂറുചമയങ്ങളും അതുകളി

ന്മേൽ ഞങ്ങൾക്കുള്ള സകല അവകാശങ്ങളും കൂടി അന്ത്യോഖ്യ സിംഹാസനത്തിങ്കലേക്കു 700 ക. (എഴുന്നൂറു ഉറുപ്പികക്ക്) ദാനമായി ഒഴിഞ്ഞ് ഇപ്പോഴത്തെ സിംഹാസന പ്രതിനിധിയായ നിദാന്തവന്ദ്യ ദിവ്യശ്രീ ശ്ലീബാ മാർ ഒസ്താത്തിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു കൈവശം തന്നിരിക്കുന്നു. എന്നാൽ അവകളെ കൈവശം വെച്ച് സകല ഭരണാധികാരങ്ങളും നടത്തി സംരക്ഷണചെയ്തു അഭിവൃദ്ധിപ്പെടുത്തി വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്നതിനും എല്ലാവിധ കർമ്മാവശ്യങ്ങളേയും നടത്തിത്തരുന്നതിനും അല്ലാതെ അവകളെ യാതൊരുവിധത്തിലും കടപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ മറ്റോ സിംഹാസനത്തിനോ പ്രതിനിധിക്കോ ആർക്കും പാടില്ലാത്തതും ആകുന്നു. മേലാൽ വഹകളുടെ നടത്തിപ്പിനേയും മറ്റും സംബന്ധിച്ച് ആലോചന ചെയ്ത് കാര്യാദികൾ നടത്തുന്നതിന് അംഗങ്ങളിൽ നിന്ന് കയ്ക്കാരന്മാരെയൊ മറ്റോ നിശ്ചയിച്ച് എല്ലാ കാര്യദികളും നടത്തിക്കേണ്ടതും അങ്ങനെ നടത്തുന്നതിൽ വിശുദ്ധ പാത്രിയർക്കീസ്സ ബാവാ തിരുമനസ്സുകൊണ്ട് മലയാളത്തിലേക്ക് എഴുന്നള്ളുന്ന കാലത്ത് ആ തിരുമേനിയുടേയോ അവിടുത്തെ പ്രതിനിധിയുടേയോ ടി. പള്ളിയിലും സ്ഥലത്തും ഉള്ള പ്രവേശനത്തിന്നോ മറ്റോ യാതൊരു തടസ്ഥവും നേരിടുവാൻ പാടില്ലാത്തതും നേരിടുന്നതല്ലാത്തതുമാകുന്നു. മേൽപ്രകാരം കൈക്കാരന്മാരെയോ മറ്റോ നിശ്ചയിച്ചിട്ടുള്ളവരിൽ ആരെങ്കിലും അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കര സഭമേലുള്ള അധികാരത്തിന്നോ യാക്കോബായ വിശ്വാസാചാരങ്ങൾക്കോ എതിരായി പ്രവർത്തിക്കുന്നു എന്നു സിംഹാസനത്തിന്നോ പ്രതിനിധിക്കോ ബോദ്ധ്യപ്പെട്ടാൽ ആ ആളെ മാറ്റി വേറെ ആളെ നിയമിക്കുന്നതിനും കയ്ക്കാരന്മാരിൽ ആർക്കെങ്കിലും ഒഴിവു വരുന്ന അവസരത്തിൽ പകരം ആളെ നിയമിക്കുന്നതിനും സിംഹാസനത്തിനോ, പ്രതിനിധിക്കോ അധികാരമുള്ളതാകുന്നു. പട്ടികയിൽ പറയുന്ന വഹകളേയും പള്ളി മുതലായവകളേയും സംബന്ധിച്ച് കയ്ക്കാരന്മാർ മുതലായവരുടെ നടത്തിപ്പ് സിംഹാസനത്തിലേയോ, പ്രതിനിധിയുടേയോ കൽപനയ്ക്ക് കീഴ്പെട്ടിരിക്കേണ്ടതും വല്ല സന്ദർഭവശാലും അന്ത്യോഖ്യാ പ്രതിനിധിയായി മലയാളത്ത് ഒരാൾ ഇല്ലാതെ വരുന്ന അവസരത്തിൽ സിംഹാസനത്തിങ്കൽ നിന്ന് പ്രത്യേകമായി അധികാരപ്പെടുത്തുന്നാളുടെ ആജ്ഞക്ക് കീഴ്പ്പെട്ടിരിക്കേണ്ടതുമാകുന്നു. ഇതെന്ന് താഴെ എഴുതുന്ന സാക്ഷികൾ അറികെ ഇതിൽ ഒപ്പിട്ടിരിക്കുന്നു.

എന്ന്, 1096 ധനുമാസം 23-ാംന്, 2-ാം സാക്ഷി കയ്യെഴുത്ത്.

1. ചേറു (ഒപ്പ്) 2. ചേറു (ഒപ്പ്) 3. ചേറു (ഒപ്പ്) 4. മാത്തു (ഒപ്പ്) 5. വാറു (ഒപ്പ്) 6. ചേറു (ഒപ്പ്) 7. മത്തായി (ഒപ്പ്) 8. ഇയ്യാവു (ഒപ്പ്) 9. വറീയ്ത് (ഒപ്പ്) 10. പൈലുണ്ണി (ഒപ്പ്) 11. ചേറുണ്ണി (ഒപ്പ്) 12. ചേറു (ഒപ്പ്)

സാക്ഷി: 1. ഇട്ട്യേരാ (ഒപ്പ്) 2. മാത്തു (ഒപ്പ്)

| താലൂക്ക് | ഡിസ്ട്രിക്ട് | വില്ലേജ് | ദേശം | സ.ഡി.ന. | നമ്പ്ര് | വിവരം | ദണ്ഡ ഇവ | | നാലതിര് | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കിഴമേൽ | തെന്മടൽ | കി | തെ | പ | വ |
| തലപ്പിള്ളി | കുന്നംകുളം | ആർത്താറ്റ് | 307 | 3 | 1 | ജന്മം വടക്കേവീട്ടിൽ പറമ്പിൽ തെക്കേഭാഗം പറമ്പും കുഴിക്കുറുചമയങ്ങളും | | | കക്കാട്ടുകുളം പറമ്പും കുരിയുടെ പറമ്പും | എടവഴി | വെട്ടുവഴി | ചെറുവത്തൂര് മാത്തു മുതൽപേരുടെ ഭാഗം പറമ്പ് |
| | | | | | | വടക്ക് – | 31 1/4 | | | | | |
| | | | | | | തെക്ക് – | 38 | | | | | |
| | | | | | | കിഴക്ക് – | | 11 7/8 | | | | |
| | | | | | | നടു – | | 1 1/2 | | | | |
| | | | | | | പടിഞ്ഞാറ് – | | 14 | | | | |

1096 ധനു 24-ാംന് പകൽ 4 മണിക്ക് കുന്നംകുളം റജിസ്ട്രാപ്പീസ്സിൽ ഹാജരാക്കി. കുന്നംകുളം വില്ലേജ് ടി. അങ്ങാടിയിൽ ക്രിസ്ത്യൻ കച്ചവടം കുത്തൂര് ഉക്കുറു മകൻ ചേറു (ഒപ്പ്) ടിയിൽ ചെറുവത്തൂര് ഉക്കുറു മകൻ ക്രിസ്ത്യൻ കച്ചവടം ചേറു (ഒപ്പ്) ടിയിൽ കച്ചവടം ക്രിസ്ത്യൻ ചീരൻ ഇട്ട്യോരാ മകൻ ചേറു (ഒപ്പ്) ടിയിൽ ചെറുവത്തൂര് ചാക്കുണ്ണി മകൻ ക്രിസ്ത്യൻ കച്ചവടം മാത്തു (ഒപ്പ്) ടിയിൽ തെക്കേക്കര ഉക്കുറു മകൻ ക്രിസ്ത്യൻ കച്ചവടം വാറു (ഒപ്പ്) ചീരൻ തറയിൽവറിയ്ത് മകൻ ക്രിസ്ത്യൻ കച്ചവടം ചേറു (ഒപ്പ്) ടിയിൽ ചീരൻതറയിൽ വറിയ്ത് മകൻ ക്രിസ്ത്യൻ കച്ചവടം മത്തായി (ഒപ്പ്) ടിയിൽ പുലിക്കോട്ടിൽ വറിയ്ത് മകൻ ക്രിസ്ത്യൻ കച്ചവടം ഇയ്യാവു (ഒപ്പ) ടിയിൽ പുലിക്കോട്ടിൽ ചെറിയാക്കു മകൻ വറിയ്ത് (ഒപ്പ്) ടിയിൽ വടക്കൻ ചാക്കു മകൻ ക്രിസ്ത്യൻ കച്ചവടം കച്ചവടം പൈലുണ്ണി (ഒപ്പ്) മേഞ്ചേരിയിൽ പാറയിലങ്ങാടിയിൽ ചീരൻ ഉക്കുറു മകൻ ക്രിസ്ത്യൻ കച്ചവടം ചേറുണ്ണി (ഒപ്പ്) വാലിപ്പറമ്പങ്ങാടിയിൽ കച്ചവടം അരിമ്പൂര് പൌലോസ് മകൻ ക്രിസ്ത്യൻ ചേറു (ഒപ്പ്) സാക്ഷി മേഞ്ചേരി കുന്നത്തങ്ങാടിയിൽ ചെറുവത്തൂര് താരു മകൻ ക്രിസ്ത്യൻ എഴുത്ത് മാത്തു (ഒപ്പ്)

*1096 ധനു 24-ാംനു (Sd) Dt. Registrar (Seal)*